Talented Bankers Literary Panel
പുസ്തക പരിചയം 123

പരിചയപ്പെടുത്തുന്നത്,
സുരേഷ് നാരായണൻ,
ധനലക്ഷ്മി ബാങ്ക്
ആലപ്പുഴ ശാഖ.

**പ്രണയപുസ്തകം (അനുഭവം)**
**ജോണി എം എൽ**

പ്രണയത്തിന്റെ പറ്റുപുസ്തകം

പ്രണയപുസ്തകം അല്ല പ്രണയത്തിന്റെ പറ്റുപുസ്തകമാണ്
ജോണിഎംഎൽ എഴുതിയിരിക്കുന്നത്.
വിരലറ്റുപോയ വസന്തകാലത്തിന്റെ അറിയാപ്പരപ്പുകളിലേക്ക്
ഒറ്റയ്ക്കു പോകുവാൻ ഭയമുള്ളവർക്ക് ധൈര്യമായി അദ്ദേഹത്തിന്റെ
കൈ പിടിക്കാം,
ഒപ്പം യാത്ര ചെയ്യാം;
മൂന്ന് നീതമാരെയും, പിന്നെ നളിനി,സുരുചി, ഡെയ്സി, നിമിഷമാരെയും
പരിചയപ്പെടാം!

ഏഴു ജന്മങ്ങൾ പോലെ ഏഴു പ്രണയങ്ങൾ! കാറ്റായും കാവലാൾ ആയും
കർപ്പൂരമായും തങ്ങളുടെ ഭാഗം ആടിയവർ - ആളിയവർ!

'ധാന്യമണികളെ എന്നപോലെ
അവൻ നിങ്ങളെയും ശേഖരിക്കുന്നു.
എന്നിട്ട് സ്വതന്ത്രരാക്കാൻ വേണ്ടി മെതിക്കുന്നു.
ഉമി കളഞ്ഞ് നഗ്നമാക്കാനായിപൊതിക്കുന്നു;
പൊടിച്ച് വെളുപ്പിക്കുന്നു.
മാർദ്ദവമാവും വരെ കുഴയ്ക്കുന്നു'*
എന്നതിനെ അക്ഷരാർത്ഥത്തിൽ ആവിഷ്കരിച്ചവർ .

ഈ പുസ്തകം തുറക്കൂ; പ്രണയത്തിന്റെ കുട്ടിക്കൂറ പൗഡർ മണം
നിങ്ങളുടെ മൂക്കിലേക്കടിച്ചു കയറും!

മഞ്ഞയിലകൾ അനവരതം പൊഴിച്ചു കൊണ്ടും ചുവന്ന പുഷ്പങ്ങൾ
അനുസ്യൂതമാട്ടി കൊണ്ടും നിലകൊള്ളുന്ന ഒരു
ഗുൽമോഹർമരത്തിനു കീഴിലിരുന്ന്
വായിക്കേണ്ടതാകുന്നു പിങ്ക് കവർ ഉള്ള
ഈ പുസ്തകം !

ഏതു വളവിൽ വെച്ചും നിയന്ത്രണംവിട്ടു തന്റെ നേരെ കുതിച്ചു വന്നേക്കാവുന്ന വിവാഹമെന്ന മരണവണ്ടിയുടെ 'ദൂരഞ്ഞരക്കങ്ങൾ' കേൾക്കുമ്പോൾ ത്തന്നെയും, തനിക്കു മുൻപേ തന്റെ ഗന്ധത്തിനെ പറഞ്ഞുവിട്ട്, ഒരു മുരുക്കും പൂവിടർന്നു വരുന്നതുപോലെ തന്റെ കാമുകനു മുൻപിൽ ചെല്ലാൻ തക്ക കരുത്തുള്ളവരാണ് ജോണിയുടെ കാമുകിമാരല്ലാം! കണ്ണുകളുടെ നിരന്തര ചലനങ്ങൾ കൊണ്ട് സംസാരിക്കാൻ
അവർ അയാളെ പഠിപ്പിക്കുന്നു. ചുറ്റിനും വൈദ്യുതകാന്തിക തരംഗങ്ങൾ തീർത്ത മതിൽ കെട്ടിയ വന്യപുഷ്പങ്ങളായവർ മാറുന്നു!

അവർ കാറ്റായി അടിച്ചാൽ അതിനൊത്ത് നൃത്തം ചെയ്യാൻ വിധിക്കപ്പെട്ടവരാണ് ആണുങ്ങൾ.

അവർ തിരയായി വരുമ്പോൾ,
ഒരു തരി ബാക്കി വയ്ക്കാതെന്നെ കൊണ്ടുപോയിക്കൊള്ളൂ എന്ന് നിസ്സഹായനായി നിൽക്കുക തന്നെ!

സ്വയമൊരു തടാകമായിരിക്കുമ്പോഴും അതിന്റെയാഴം വെളിപ്പെടുത്താത്തവർ,
ആളിക്കത്താൻ തയ്യാറായ ഉടലുകളെ ഉള്ളിൽ വഹിക്കുന്നവർ,
ചുരുക്കിപ്പറഞ്ഞാൽ ത്രികാലജ്ഞാനികൾ!

ജോണി പറയുന്നു ,
"കാമുകൻമാരായി അടുത്ത് കൂടുന്ന കൂട്ടരെ കിലോമീറ്ററുകൾ അകലെ അവർ എത്തുമ്പോഴേക്കും അവർ തിരിച്ചറിയുന്നു.
പ്രണയാഭ്യർത്ഥനയുമായാണ് അവർ വരുന്നതെങ്കിലും അതു ലവലേശം മനസ്സിലാകുന്നില്ല എന്ന ഭാവമായിരിക്കും പെൺകുട്ടികൾക്ക്... കാര്യം ഗൗരവമുള്ളതാണെന്ന് അറിയുമ്പോൾ പെൺകുട്ടികൾ വളരെ പെട്ടെന്ന് നിലപാട് മാറ്റും. സഹോദരന്മാരും സുഹൃത്തുക്കളും ആക്കും!'

'...പ്രണയത്തിൻറെ കാര്യം വരുമ്പോൾ സ്ത്രീകൾക്ക് വല്ലാത്ത ധൈര്യം ആണ്.
ഏത് ഇരുട്ടിലും ഏതു മഴയിലും ഇടിമിന്നലിലും പാമ്പുകൾ ഇഴയുന്ന വഴികളിലൂടെയും അവൾക്ക് ഇറങ്ങി നടക്കാൻ കഴിയും.
പുരുഷന്മാർക്കാണ് ഭയം.'

ഓരോരുത്തരും അനന്യമായാണ് പ്രണയിക്കുന്നത് എന്ന ആധുനിക ചിന്ത ഗ്രന്ഥകാരൻ പങ്കുവയ്ക്കുന്നു.

ഉടുത്തൊരുങ്ങി ഇരിക്കുന്ന വീട്ടമ്മയായി പ്രത്യക്ഷപ്പെട്ട കാമുകിയെ സ്വപ്നം കണ്ട്, അതിനെ ഓർത്തു സ്വയം ലജ്ജിക്കുകയും ചെയ്യുന്നു.

ഈ ബുക്ക് അക്ഷരാർത്ഥത്തിൽ പ്രണയികൾക്കുള്ള ഒരു മാനിഫെസ്റ്റോആണ്.
എങ്കിൽത്തന്നെയും, അവസാന പേജിൽ കൊടിയൊരു വേദന അയാൾ വായനക്കാർക്കായി കരുതി വയ്ക്കുന്നു.
ഖണ്ഡികകളിലൂടെ,പേജുകളിലൂടെ പടർന്നു കയറി പഴുത്തു പാകമായ ഒരു പ്രണയത്തിനെ ഒറ്റ വാക്യത്തിൽ കൊല്ലുന്നു. സ്വയം ഒറ്റിക്കൊടുക്കുന്നു.

ആ ഒരു ദീർഘനിശ്വാസത്തിനിടയിലും 85-ആം പേജ് അനശ്വരമായ് ജ്വലിച്ചു നിൽക്കുന്നു;

"കവിത കയ്യിൽ കിട്ടുമ്പോൾ അവളുടെ മുഖം ഒരു വസന്തകാലം പോലെ വിടരുമായിരുന്നു. അപ്പോൾ അവൾ അതീവസുന്ദരിയായി കാണപ്പെട്ടു. കവിത എഴുതിയ കടലാസ് കയ്യിൽ കിട്ടുമ്പോൾ ഇത്രയേറെ സുന്ദരിയാകാം എങ്കിൽ അത് വായിക്കുമ്പോൾ അവളുടെ സൗന്ദര്യം എത്രമേൽ വർദ്ധിക്കുമായിരിക്കും!"

ഒത്തിരിനന്ദി ,
ജോണീ
പ്രണയ നനവുള്ള ഈ ഓർമ്മകൾക്ക്!

പ്രസാധകർ - പപ്പാത്തി ബുക്സ്
വില - Rs.180/-